## പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് – 0471 2727379
ഇമെയിൽ – bcddkerala@gmail.com, വെബ്സൈറ്റ് -www.bcdd.kerala.gov.in


**BCDIR/369/2021-B1** തീയതി :29/06/2021

ഭരണഭാഷ – മാതൃഭാഷ

**<u>വിജ്ഞാപനം</u>**

**<u>പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായ പദ്ധതി 2021-22</u>**

സംസ്ഥാനത്ത് കളിമൺപാത്ര നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള ഒ.ബി.സി. വിഭാഗത്തിൽപ്പെട്ട പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകി പ്രസ്തുത തൊഴിൽ അന്യം നിന്ന് പോകാതെ നിലനിർത്തുന്നതിനും ടി തൊഴിലിലേക്ക് പുതുതലമുറയെക്കൂടി ആകൃഷ്ടരാക്കുന്നതിനും മൺപാത്ര ഉപയോഗത്തിന്റെ പ്രാധാന്യം പ്രചരിപ്പിക്കുന്നതിനും വേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം എന്ന പദ്ധതിക്ക് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31.07.2021.

<u>മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.</u>

ഒരു വ്യക്തിക്ക് പരമാവധി 50,000/- രൂപയാണ് (ആകെ ഉപകരണങ്ങൾ/ വർക്ക്ഷെഡ്, ചൂള എന്നിവയുടെ നിർമ്മാണം എന്നീ ചെലവുകളുടെ 50% എന്ന നിബന്ധനയ്ക്ക് വിധേയമായി) ഗ്രാന്റായി അനുവദിക്കുന്നത്. അർഹരായ വ്യക്തികൾ നിബന്ധനകൾക്ക് വിധേയമായി നിയമാനുസൃതം കരാർ ഒപ്പിടുമ്പോൾ 50% തുക (പരമാവധി 25,000/- രൂപ) ആദ്യഗഡുവായി അനുവദിക്കുന്നു. നിർമ്മാണം പൂർത്തിയാക്കി പിന്നാക്ക വിഭാഗ വികസന വകുപ്പ് ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രത്തിന്റേയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയർ / ഏതെങ്കിലും ലൈസൻസ്ഡ് എഞ്ചിനീയർ നൽകുന്ന വാല്യുവേഷൻ സർട്ടിഫിക്കേറ്റിന്റെയും അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രം രണ്ടാം ഗഡു അനുവദിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുമ്പും ശേഷവുമുള്ള ഫോട്ടോകൾ നിർബന്ധമാണ്. മുൻ വർഷങ്ങളിൽ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല.

അപേക്ഷ ഫോറം www.bcdd.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷയും പ്രോജക്ട് റിപ്പോർട്ടും അനുബന്ധ രേഖകളും സഹിതം 31.07.2021 തീയതിക്കകം പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖല ആഫീസുകളിൽ ലഭ്യമാക്കേണ്ടതാണ്.

<u>അർഹത സംബന്ധിച്ച വ്യവസ്ഥകൾ</u>

- അപേക്ഷകൻ / അപേക്ഷക സംസ്ഥാനത്തെ ഒ.ബി.സി. വിഭാഗത്തിൽ

ഉൾപ്പെട്ടവരായിരിക്കണം.

- കേരളീയനായിരിക്കണം.
- നിലവിൽ മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്യുന്നവരായിരിക്കണം.
- വരുമാന പരിധി 1 ലക്ഷം രൂപ.
- മുൻ വർഷത്തിൽ ടി പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചവർക്കോ അതേ കുടുംബത്തിലെ മറ്റ് അംഗങ്ങൾക്കോ തുക അനുവദിക്കുന്നതല്ല.
- മൺപാത്ര വിപണനം മാത്രം നടത്തുന്നവർക്ക് ഈ പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നതല്ല.
- ഉയർന്ന പ്രായ പരിധി 60 വയസ്സ് .

അപേക്ഷാഫാറത്തോടൊപ്പം വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്, നിലവിൽ മൺപാത്ര നിർമ്മാണതൊഴിൽ ചെയ്യുന്നവരാണെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവി/സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം, ഇതേ ആവശ്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം(സെക്രട്ടറി ഒപ്പുവെച്ചത്), ഖാദി ബോർഡിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം , വെള്ള കടലാസ്സിൽ തയ്യാറാക്കിയ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, റേഷൻ കാർഡിന്റെ ആദ്യപേജിന്റെ പകർപ്പ് , ആധാർ/തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് , അപേക്ഷകൻ മൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഫോട്ടോ എന്നിവ ഹാജരാക്കണം . അപൂർണ്ണവും ആവശ്യമായ അനുബന്ധ രേഖകൾ ഇല്ലാത്തതുമായ അപേക്ഷകൾ നിരസിക്കുന്നതാണ്.

മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഇനി പറയുന്ന മേൽ വിലാസത്തിൽ നേരിട്ടോ തപാൽ മാർഗ്ഗമോ ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| കാസറഗോഡ്,കണ്ണൂർ,കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, എന്നീ ജില്ലകളിൽപ്പെട്ട അപേക്ഷകൾ | തൃശ്ശൂർ, എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽപ്പെട്ട അപേക്ഷകൾ |
| മേഖല ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ – ഒന്നാം നില, കോഴിക്കോട്–673020<br>ഫോൺ–0495 2377786 | മേഖല ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽസ്റ്റേഷൻ രണ്ടാം നില, കാക്കനാട്, എറണാകുളം–682030<br>ഫോൺ – 0484 2429130 |

വിശ്വസ്തതയോടെ,

Signature Not Verified
Digitally signed by SREEVIDYA P I
Date: 2021.06.29 20:00:30 IST
Reason: Approved

**പി.ഐ.ശ്രീവിദ്യ ഐ.എ.എസ്**
**ഡയറക്ടർ**

<u>**പകർപ്പ്**</u>

1. ഗവ.പ്രിൻസിപ്പൽ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ് (ഉപരിപത്രം സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
4. ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ
5. മേഖല ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം/കോഴിക്കോട്
7. ഡയറക്ടറുടെ മേശമേൽ
8. കരുതൽ അധികം